"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കണ്ണൂർ ജില്ല - ഇരിക്കൂർ ബ്ലോക്ക് - മലപ്പട്ടം സെന്റർ കൃഷ്ണപ്പിള്ള വായനശാല താഴത്ത് വയൽ റോഡ് പുനരുദ്ധാരണ പ്രവൃത്തി - കാലാവധിക്ക് ശേഷം കരാറിൽ ഏർപ്പെട്ട നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.455/2025/DMD തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:- 1. 13.01.2022 തീയതിയിലെ സ. ഉ. (സാധാ) നം. 35/2022/എം.ഡി.എം.

2. കണ്ണൂർ ജില്ലാകളക്ടറുടെ 19.07.2024, 17.06.2025 എന്നീ തീയതികളിലെ DCKNR/12789/2022-DM3 നമ്പർ കത്ത്

**ഉത്തരവ്**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട മലപ്പട്ടം ഗ്രമപഞ്ചായത്തിലെ മലപ്പട്ടം സെന്റർ കൃഷ്ണപ്പിള്ള വായനശാല താഴത്ത് വയൽ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ഉത്തരവായിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ നടപ്പിലാക്കിയതിനാൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ ഉണ്ടായ കാലതാമസം കാരണം സമയബന്ധിതമായി എഗ്രിമെന്റിൽ ഏർപ്പെടാൻ സാധിച്ചില്ലായെന്നും ടി പ്രവൃത്തി ഭരണാനുമതി കാലാവധിക്കുള്ളിൽ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ കാലാവധി കഴിഞ്ഞ ശേഷം കരാറിൽ ഏർപ്പെട്ട നടപടിക്ക് സാധൂകരണം നൽകി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ അഭ്യർത്ഥനയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട മലപ്പട്ടം ഗ്രമപഞ്ചായത്തിലെ മലപ്പട്ടം സെന്റർ കൃഷ്ണപ്പിള്ള വായനശാല താഴത്ത് വയൽ റോഡ് പുനരുദ്ധാരണ പ്രവൃത്തി ഭരണാനുമതി കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടി പ്രവൃത്തിയുടെ കരാർ കാലാവധി കഴിഞ്ഞ ശേഷം കരാറിൽ ഏർപ്പെട്ട നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാകളക്ടർ, കണ്ണൂർ
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/81/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 03-07-2025 11:20:43
സെക്ഷൻ ഓഫീസർ

പകർപ്പ്: ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്